ജനി. ന 6

രജിസ്ട്രാർ
നമ്പർ 550
തീയതി 31.1.18

രജിസ്ട്രാർ 31/1

# കോളേജ് വിദ്യാഭ്യാസ വകുപ്പ്

വികാസ് ഭവൻ.പി.ഒ, തിരുവനന്തപുരം-695033

## ആസ്പയർ സ്കോളർഷിപ്പ് പദ്ധതി 2017-18

**അപേക്ഷകൾ ക്ഷണിക്കുന്നു.** (www.dcescholarship.kerala.gov.in)

**2017-18 അക്കാദമിക് വർഷം രണ്ടാംവർഷ ബിരുദാനന്തരബിരുദ, എം.ഫിൽ, പി.എച്ച്.ഡി വിദ്യാർത്ഥികൾക്ക് മികച്ച ഗവേഷണ കേന്ദ്രങ്ങളിൽ പ്രോജക്റ്റ്/ഇന്റേൺഷിപ്പ് ചെയ്യുന്നതിനുള്ള സ്കോളർഷിപ്പ് നൽകുന്നു.**

അപേക്ഷകർ ചെയ്യേണ്ടത്

- അപേക്ഷകർ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ നേരിട്ട് രജിസ്റ്റർ ചെയ്യുക. (www.dcescholarship.kerala.gov.in) വെബ്സൈറ്റിൽ ലഭ്യമാകുന്ന ഫോറത്തിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ നൽകി ഓൺലൈനായി അപേക്ഷ സമർപ്പിക്കുക.
- സമർപ്പിച്ച അപേക്ഷയുടെ കോപ്പിയെടുത്ത്, ഫോട്ടോ ഒട്ടിച്ച്, നിർദ്ദിഷ്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളോടൊപ്പം പഠിക്കുന്ന സ്ഥാപനമേലധികാരിക്ക് സമർപ്പിക്കുക.
- തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതായിരിക്കും.
- **കോളേജ് വിദ്യാഭ്യാസ** വകുപ്പിന്റെ വെബ്സൈറ്റിൽ **പ്രസിദ്ധീകരിക്കുന്ന** താൽക്കാലിക സെലക്ഷൻ ലിസ്റ്റ് **പരിശോധിക്കുക.**
- **പരാതികൾ** ഉണ്ടെങ്കിൽ ആയവ നിർദ്ദിഷ്ട **സമയത്തിനകം** സമർപ്പിക്കുക.

### ❖ ആർക്കെല്ലാം അപേക്ഷിക്കാം

സയൻസ്, സോഷ്യൽ സയൻസ്, ഹ്യുമാനിറ്റീസ്, ബിസിനസ് സ്റ്റഡീസ് വിഷയങ്ങളിൽ കേരളത്തിലെ ഗവൺമെന്റ്/എയ്ഡഡ് ആർട്സ് &സയൻസ് കോളേജുകളിലോ, യൂണിവേഴ്സിറ്റി പഠനവിഭാഗങ്ങളിലോ എയ്ഡഡ് കോഴ്സുകൾക്ക് പഠിക്കുന്ന രണ്ടാംവർഷ ബിരുദാനന്തര ബിരുദവിദ്യാർത്ഥികൾക്കും, എം.ഫിൽ, പി.എച്ച്.ഡി വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം.

Student Online Rregistration ൽ നം,5 (Details of Present Institution & Course)ൽ സ്ഥാപനത്തിൽ നടത്തുന്ന Course Type ഉം Course ഉം വിട്ടുപോയിട്ടുണ്ടെങ്കിൽ (ഉദാ.PG,Mphil,PhD) ഫെബ്രുവരി 1, 2018 നകം സ്ഥാപനമേധാവികൾ ഉൾപ്പെടുത്തേണ്ടതാണ്

അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ തങ്ങളുടെ സ്ഥാപനത്തിലെ മേധാവിയിൽ നിന്നും വാങ്ങിയ No Objection Certificate ഉം പ്രോജക്ട്/ ഇന്റേൺഷിപ്പ് ചെയ്യുവാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിലെ അദ്ധ്യാപകനിൽ നിന്നും ലഭിച്ച സമ്മതപത്രവും സമർപ്പിക്കേണ്ടതാണ്.

### ❖ മിനിമം യോഗ്യതാ മാനദണ്ഡം

ബിരുദം/ ബിരുദാനന്തര കോഴ്സുകൾക്ക് 55 ശതമാനത്തിൽ കുറയാത്ത മാർക്ക് നേടിയിരിക്കണം

ഒന്നാംഅദ്ധ്യായന—വർഷത്തിൽ 75 ശതമാനത്തിൽ കുറയാത്ത ഹാജർനില.

**ഗവേഷണ സ്ഥാപനങ്ങൾ-**

(www.dcescholarship.kerala.gov.in)വെബ്സൈറ്റിൽ ആസ്പയർ ലിങ്കിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഗവേഷണ സ്ഥാപനങ്ങളുടെ ലിസ്റ്റ് പരിശോധിച്ച് സർവ്വകലാശാല അംഗീകൃത റിസർച്ച് ഗൈഡ്മാരുടെ കീഴിൽ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ്/പ്രോജക്റ്റ് ചെയ്യാവുന്നതാണ്.

**സ്കോളർഷിപ്പ് വിതരണം**

സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിദഗ്ദരടങ്ങിയ പാനൽ പരിശോധിച്ച് തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റ് രണ്ടാഴ്ച്ചക്കകം കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ (www.dcescholarship.kerala.gov.in) പ്രസിദ്ധീകരിക്കുകയും, അർഹരായവരെ ഇ-മെയിലിലൂടെയും എസ്.എം.എസ് ലൂടെയും അറിയിക്കുകയും, സ്കോളർഷിപ്പ് തുക അർഹരായവർക്ക് ബാങ്ക് വഴി കൈമാറുകയും ചെയ്യും.

**ബിരുദാനന്തര ബിരുദം (1മാസം)/**
**എം.ഫിൽ (2 മാസം) /**
**പി.എച്ച്.ഡി (4 മാസം)**

കേരളത്തിനകത്ത്- പ്രതിമാസം 8000/-രൂപയും കേരളത്തിന് പുറത്ത് പ്രതിമാസം 10,000രൂപയും

**അപേക്ഷ ഓൺലൈനായി സമർപ്പിക്കാനുള്ള സമയം 2018 ഫെബ്രുവരി 1 മുതൽ 18 വരെ**


**ഫോൺ നമ്പർ- 0471-2306580,**

**Mob:9446096580, 9446780308**

(രാവിലെ 10 മണിമുതൽ 5 വരെ)

Email.dceaspire2018@gmail.com,

dcescholarship@gmail.com

അന്വേഷണങ്ങൾ ഇ-മെയിൽ മുഖാന്തിരവും അയക്കാവുന്നതാണ്.

30/01/2018

ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ വകുപ്പ്

നം.എസ്1/101779/2017/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം,
തീയതി. 30/01/2018

## വിജ്ഞാപനം

### ആസ്പയർ സ്കോളർഷിപ്പ് 2017-18 അപേക്ഷ ക്ഷണിക്കുന്നു.

കേരള സംസ്ഥാനത്തിലെ സർവ്വകലാശാലകളോട് ബന്ധപ്പെട്ടിരിക്കുന്ന എല്ലാ ഗവൺമെന്റ് /എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലെയും, 6 യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളിലെയും (കേരള, എം.ജി, കുസാറ്റ്, ശ്രീശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി, കാലിക്കറ്റ്, കണ്ണൂർ)രണ്ടാംവർഷ ബിരുദാനന്തരബിരുദ,എം.ഫിൽ, പി.എച്ച്.ഡി വിദ്യാർത്ഥികളിൽ നിന്നും 2017-18 അദ്ധ്യയന വർഷത്തേക്കുള്ള ആസ്പെയർ സ്കോളർഷിപ്പിനുള്ള ഓൺലൈൻ വഴിയുള്ള അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് വെബ്സൈറ്റായ www.dcescholarship.kerala.gov.in ൽ Aspire scholarship (ASPR) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് 18/02/2018-ാം തീയതിക്ക് മുൻപായി ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**1. യോഗ്യതകൾ:**

എ)അപേക്ഷകർ 2017-18 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ /എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകൾ, യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകൾ ഇവയിലേതെങ്കിലും രണ്ടാം വർഷ ബിരുദാനന്തര ബിരുദം, എം.ഫിൽ, പി.എച്ച്.ഡി വിദ്യാർത്ഥിയായിരിക്കണം.

ബി)അപേക്ഷകർ സർക്കാർ/എയ്ഡഡ് കോഴ്സുകൾക്കു പഠിക്കുന്നവരായിരിക്കണം.

സി) ഒന്നാംവർഷം കുറഞ്ഞത് 75 ശതമാനം ഹാജർനില ഉണ്ടായിരിക്കണം

ഡി)അടിസ്ഥാന കോഴ്സിന് (ബിരുദം/ ബിരുദാനന്തരബിരുദം) 55 ശതമാനത്തിൽ കുറയാത്ത മാർക്ക് നേടിയിരിക്കണം.

**2) സ്കോളർഷിപ്പ് തുക**

ബിരുദാനന്തരബിരുദം (1 മാസം), എം.ഫിൽ(2 മാസം), പി.എച്ച്.ഡി(4 മാസം)- കേരളത്തിനകത്ത് പ്രതിമാസം 8000/-രൂപയും കേരളത്തിന് പുറത്ത് പ്രതിമാസം 10,000/-രൂപയും പ്രതിമാസം സ്കോളർഷിപ്പ് തുകയായി അനുവദിക്കുന്നു.

**3) ബന്ധപ്പെട്ട മറ്റു വിവരങ്ങൾ :**

1)നിലവിൽ പഠിക്കുന്ന സ്ഥാപനത്തിൽ നിന്നും നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (NOC) വാങ്ങിയിരിക്കണം

2) പ്രോജക്റ്റ്/ഇന്റേൺഷിപ്പ് ചെയ്യുവാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിലെ റിസർച്ച് ഗൈഡ് ആയി യൂണിവേഴ്സിറ്റി അംഗീകരിച്ച അദ്ധ്യാപകനിൽ നിന്നും ലഭിച്ച അനുമതിപത്രം (consent letter) ഉണ്ടായിരിക്കണം.

3) അപേക്ഷകർക്ക് ഐ.എഫ്.എസ്.സി. കോഡുള്ള നാഷണലൈസ്ഡ്/ഷെഡ്യൂൾഡ്/കൊമേഴ്സ്യൽ എന്നിവയിൽ ഉൾപ്പെടുന്ന ഏതെങ്കിലും ഒരു ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. അപേക്ഷ ഓൺലൈനായി സമർപ്പിക്കുമ്പോൾ അക്കൗണ്ട് ലൈവ് ആയിരിക്കേണ്ടതുമാണ്.

4) ആധാർ നമ്പർ /ആധാർ/ എൻറോൾമെന്റ് നമ്പർ ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്തിരിക്കണം.

5) ഗവേഷണ വിഷയവുമായി ബന്ധപ്പെട്ട 2 പേജിൽ കവിയാത്ത ഗവേഷണ സംഗ്രഹം (Synopsis), ക്രമനം.1 മുതൽ 5 വരെയുള്ള രേഖകൾ അപ്‌ലോഡ് ചെയ്തിരിക്കണം.

6)സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിദഗ്ദരടങ്ങിയ പാനൽ പരിശോധിച്ച് തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റ് രണ്ടാഴ്ച്ചക്കകം കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ (www.dcescholarship.kerala.gov.in) പ്രസിദ്ധീകരിക്കുകയും, അർഹരായവരെയും അവരുടെ സ്ഥാപനങ്ങളെയും ഇ-മെയിലിലൂടെയും എസ്.എം.എസ് ലൂടെയും അറിയിക്കുകയുംചെയ്യുന്നു. മാതൃസ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്തശേഷം ആതിഥേയ സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന joining report ലഭിക്കുന്നമുറയ്ക്ക് സ്കോളർഷിപ്പ് തുക അർഹരായവർക്ക് ബാങ്ക് വഴി വിതരണം ചെയ്യുകയും ചെയ്യും.

8)സ്കോളർഷിപ്പിന് തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ ആതിഥേയ സ്ഥാപനത്തിൽ(host institution) പ്രവേശിച്ച ശേഷം നിശ്ചിത സമയത്തിനുള്ളിൽ ഗവേഷണം/ഇന്റേൺഷിപ്പ് പൂർത്തിയാക്കിയില്ലെങ്കിൽ അനുവദിച്ചു നൽകുന്ന തുക നിലവിലുള്ള ബാങ്ക് പലിശ ഉൾപ്പെടെ തിരിച്ചടയ്ക്കേണ്ടതാണ്.

9)പ്രോജക്റ്റ്/ഇന്റേൺഷിപ്പ് ചെയ്യുവാൻ തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ പ്രോജക്റ്റ്/ഇന്റേൺഷിപ്പ് പൂർത്തിയാക്കി നിശ്ചിത സമയത്തിനുള്ളിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് പ്രോജക്റ്റിന്റെ പകർപ്പ് നൽകേണ്ടതും തിരഞ്ഞെടുക്കപ്പെടുന്ന പ്രോജക്റ്റുകൾ റൂസ കേരള വഴി പ്രസിദ്ധീകരിക്കുന്നതുമാണ്.

9)യൂണിവേഴ്സിറ്റികളിലെയും കോളേജുകളിലെയും മേലധികാരികൾ ആസ്പെയർ സ്കോളർഷിപ്പിനെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ തങ്ങളുടെ സ്ഥാപനത്തിനു കീഴിലെ വകുപ്പുകളെ യഥാസമയം അറിയിക്കേണ്ടതും സാങ്കേതിക സഹായം നൽകേണ്ടതുമാണ്.

**4) അപേക്ഷിക്കേണ്ട രീതി :**

(എ) അപേക്ഷകൾ ഓൺലൈനായി 18/02/2018-ാം തീയതിക്ക് മുൻപായി സമർപ്പിക്കാവുന്നതാണ്.

ഇതിനായി

1) www.dcescholarship.kerala.gov.in എന്ന വെബ്സൈറ്റിൽ Aspire (ASPR) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

2) Apply online ൽക്ലിക്ക് ചെയ്യുക രജിസ്ട്രേഷൻ ഐ.ഡികിട്ടിയശേഷം അപേക്ഷ പൂരിപ്പിച്ച് സബ്മിറ്റ് ചെയ്യുക. പ്രോജക്റ്റ്/ഇന്റേൺഷിപ്പ് ചെയ്യുന്ന സ്ഥാപനം സെലക്റ്റ് ചെയ്ത് സബ്മിറ്റ് ചെയ്യുമ്പോൾ ഓൺലൈൻ അപേക്ഷ രജിസ്റ്റർ ആയിക്കഴിഞ്ഞു.

3) തുടർന്ന് സ്കോളർഷിപ്പ് അപ്ലൈഡ് വിൻഡോ ആക്ടീവ് ആകും ശേഷം (ASPR) ക്ലിക്ക് ചെയ്ത് പ്രോജക്റ്റ് വിവരങ്ങൾ കൊടുത്ത് സബ്മിറ്റ് ചെയ്താൽ ആസ്പെയർ സ്കോളർഷിപ്പ് അപേക്ഷ പൂർത്തിയായി.

4) അല്ലെങ്കിൽ New registration-ൽ ക്ലിക്ക് ചെയ്ത് മുകളിൽ പറഞ്ഞപോലെ വിവരങ്ങൾ കൊടുത്ത് submit ചെയ്യുക.

5) നൽകിയ വിവരങ്ങൾ ശരിയെങ്കിൽ വീണ്ടും submit ക്ലിക്ക് ചെയ്യുക.

(ബി) Online-ലൂടെ അപേക്ഷ നൽകിയതിനുശേഷം View / Print Application ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് എടുത്തിരിക്കണം.

1. രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് ഭാഗം 3 ൽ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി പഠിക്കുന്ന മാതൃ സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

2. വിദ്യാർത്ഥി സമർപ്പിക്കുന്ന രേഖകളും , രജിസ്ട്രേഷൻ പ്രിന്റൗട്ടും ഓൺലൈൻ വഴി സ്ഥാപന മേധാവിയോ (പ്രിൻസിപ്പാളോ/ യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികളോ) അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ പരിശോധിക്കേണ്ടതാണ്. (വെരിഫിക്കേഷൻ )

3. സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപനമേധാവി പ്രിൻസിപ്പാളോ/ യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികളോ) ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം. (അപ്രൂവൽ)

4. ഓൺലൈൻ വഴി അംഗീകരിച്ച അപേക്ഷകളുടെ ഹാർഡ്കോപ്പി അതാതു സ്ഥാപനങ്ങളിൽതന്നെ സൂക്ഷിക്കേണ്ടതാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് ഇൻസ്പെക്ഷൻ ടീമിന്റെ പരിശോധനയ്ക്ക് ഇവ വിധേയമാക്കുന്നതാണ്.

**5) സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേണ്ട രേഖകൾ:**

1. അപേക്ഷകരുടെ പാസ്പോർട്ട് സൈസ് ഫോട്ടോ പതിച്ച രജിസ്ട്രേഷൻ പ്രിന്റൗട്ട്.
2. യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ ശരി പകർപ്പ്.
3. എസ്.എസ്.എൽ.സി.ഒന്നാം പേജ്, മാർക്ക് ലിസ്റ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
4. പ്രോജക്റ്റ്/ഇന്റേൺഷിപ്പ് ചെയ്യുവാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിൽ നിന്നും ലഭിച്ച അനുമതിപത്രം (Consent Letter from Guide)
5. അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (പേര് , അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തിയിരിക്കണം.)

**6) സ്ഥാപന മേധാവി (പ്രിൻസിപ്പാൾ/ യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികൾ ) കളുടെ ശ്രദ്ധയ്ക്ക്**

എ) Student Online Registration ൽ നം.5 (Details of present Institution and Course) ൽ സ്ഥാപനത്തിൽ നടത്തുന്ന Course Type ഉം Course ഉം സ്ഥാപനമേധാവികൾ

പരിശോധിക്കേണ്ടതും, ഏതെങ്കിലും Course(eg:PG,MPhil, Ph.D) വിട്ടുപോയിട്ടുണ്ടെങ്കിൽ അവ Institution Login ൽ പ്രവേശിച്ച് ഫെബ്രുവരി 1, 2018 നകം സ്ഥാപനമേധാവികൾ ഉൾപ്പെടുത്തേണ്ടതുമാണ്.

ബി) വിദ്യാർത്ഥി സമർപ്പിച്ചിരിക്കുന്ന രേഖകളും, രജിസ്ട്രേഷൻ പ്രിന്റൗട്ടും ഓൺ ലൈൻ വഴി സ്ഥാപന മേധാവിയോ, അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ ഫെബ്രുവരി 20-ാം തീയതിക്കുള്ളിൽ പരിശോധിക്കുകയും **(വെരിഫിക്കേഷൻ)** ഓൺലൈൻ വഴി അംഗീകരിക്കേണ്ടതുമാണ്. **(അപ്രൂവൽ)**

സി) <u>വെബ്സൈറ്റിലെ അവസാന ദിവസങ്ങളിലെ തിരക്കുകൾ ഒഴിവാക്കാനായി ലഭിക്കുന്ന അപേക്ഷകളിൻമേൽ സ്ഥാപന മേധാവികൾ കാലതാമസം വരുത്താതെ വെരിഫിക്കേഷനും അപ്രൂവലും നടത്തേണ്ടതാണ്.</u>

ഡി)എല്ലാ രേഖകളുടെയും നിജസ്ഥിതി അസ്സലുമായി ഒത്തുനോക്കി സ്ഥാപനമേധാവി (പ്രിൻസിപ്പാൾ/യൂണിവേഴ്സിറ്റി വകുപ്പുമേധാവി) ഉറപ്പുവരുത്തേണ്ടതാണ്.

ഇ) ഭാഗം 3 അനുസരിച്ച് വിദ്യാർത്ഥികൾ രേഖപ്പെടുത്തിയ ബാങ്ക് അക്കൗണ്ട് സംബന്ധമായ രേഖകൾ ശരിയാണോ എന്ന് പരിശോധിച്ച് സ്ഥാപനമേധാവി ഉറപ്പു വരുത്തേണ്ടതാണ്.

എഫ്)അപേക്ഷകൾ നൽകി, വെരിഫിക്കേഷൻ, അപ്രൂവൽ നടത്തിയ വിദ്യാർത്ഥികൾക്ക് 75 ശതമാനം ഹാജർനില ഉണ്ടെന്നുള്ള സർട്ടിഫിക്കറ്റ് കൂടി അപേക്ഷയോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

ജി)അപേക്ഷ സമർപ്പിച്ചിരിക്കുന്ന പരമാവധി വിദ്യാർത്ഥികളെ പ്രോജക്റ്റ്/ഇന്റേൺഷിപ്പ് ന് വിടുതൽ ചെയ്യുവാനുള്ള അവസരം നൽകേണ്ടതാണ്.

**<u>7) അവസാന തീയതികൾ :</u>**

**1) ഓൺലൈൻ അപേക്ഷ രജിസ്റ്റർ ചെയ്യേണ്ട അവസാനതീയതി: <u>18/02/2018</u>**

**2)ഓൺലൈൻ രജിസ്ട്രേഷൻ പ്രിന്റൗട്ടും അനുബന്ധ രേഖകളും അപേക്ഷകർ സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ട അവസാന തീയതി: - 18/02/2018**

**3)സ്ഥാപനമേധാവി സൂക്ഷ്മ പരിശോധന നടത്തി ഓൺലൈൻ ആയി അപ്രൂവൽ നൽകേണ്ട അവസാന തീയതി: -20/02/2018**

**അപേക്ഷകൾ സ്ഥാപനമേധാവികൾ സമയബന്ധിതമായി വെരിഫൈചെയ്ത് അപ്രൂവ് ചെയ്യാത്തതിനാൽ അർഹതയുള്ളവർക്ക് ലഭിക്കാതെ വന്നാൽ അതിന്റെ ഉത്തരവാദിത്തം പൂർണ്ണമായും സ്ഥാപനമേധാവികൾക്ക് മാത്രമായിരിക്കും.**

ഡയറക്ടർ

കോളേജ് വിദ്യാഭ്യാസ വകുപ്പ്

എസ്എസ്-30/01/18